# വുദ്വൂഇൻെറ ശർത്വുകൾ

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«مَنْ تَوَضَّأَ لِلصَّلاَةِ فَأَسْبَغَ الْوُضُوءَ. ثُمَّ مَشَىٰ إِلَى الصَّلاَةِ الْمَكْتُوبَةِ. فَصَلاَّهَا مَعَ النَّاس، غَفَرَ الله لَهُ ذُنُوبَهُ»

'ഒരാൾ നമസ്കാരത്തിന് വേണ്ടി വുദ്വൂഅ് ചെയ്തു; അതിനെ പരിപൂർണ്ണമാക്കി. എന്നിട്ട് ഫർദ്വ് നമസ്കാരത്തിനു വേണ്ടി പുറപ്പെടുകയും ജനങ്ങളോടൊപ്പം ഫർദ്വ് നമസ്കരിക്കുകയും ചെയ്താൽ അവൻെറ പാപങ്ങൾ അല്ലാഹു പൊറുത്തു കൊടുക്കും' (ബുഖാരി, മുസ്ലിം)

വുദ്വൂഅ്, നമസ്കാരം ശരിയാകുവാനുള്ള ശർത്വാകുന്നു. അല്ലാഹുവിൻെറ റസൂൽ (ﷺ) പറഞ്ഞു:

«لاَ تقبلُ صلاةُ أحدِكم إذا أحدثَ حتَّى يتوضأَ»

'നിങ്ങളിൽ ഒരാൾക്ക് അശുദ്ധിയായാൽ വുദ്വൂഅ് എടുത്ത് ശുദ്ധിയാകുന്നതു വരെ അയാളുടെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല.' (ബുഖാരി, മുസ്ലിം)

ചില നിർണ്ണിത അവയവങ്ങൾ (മുഖം, ഇരുകൈകൾ, ചെവി ഉൾപ്പെടെ തല, ഇരുകാലുകൾ) നിർണ്ണിത രൂപത്തിൽ കഴുകിയും തടവിയും അല്ലാഹുവിൻെറ സാമീപ്യം തേടലാണ് വുദൂഅ്.

അല്ലാഹു പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُواْ إِذَا قُمْتُمْ إِلَى الصَّلاةِ فاغْسِلُواْ وُجُوهَكُمْ وَأَيْدِيَكُمْ إِلَى الْمَرَافِقِ وَامْسَحُواْ بِرُؤُوسِكُمْ وَأَرْجُلَكُمْ إِلَى الْكَعْبَين ...

'സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിനൊരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങളും മുട്ടുവരെ രണ്ട് കൈകളും കഴുകുകയും നിങ്ങളുടെ തല തടവുകയും നെരിയാണിയുൾപ്പെടുത്തി രണ്ടു കാലുകൾ കഴുകുകയും ചെയ്യുക......' (വി. ക്വു 5: 6)

## വുദ്വൂഇൻെറ ശർത്വുകൾ പത്ത് കാര്യങ്ങൾ ആകുന്നു:

1. ഇസ്ലാം
2. ബുദ്ധി
3. വകതിരിവ്
4. നിയ്യത്ത്

5. വെള്ളം ശുദ്ധിയുള്ളതാകലും അനുവദനീയമാകലും
6. മലമൂത്ര വിസർജ്ജനം ചെയ്തവർ അതിൽനിന്ന് ശുദ്ധിയാകൽ
7. ശരീരത്തിൽ വെള്ളം ചേരുന്നതിന് തടസമാകുന്ന വസ്തുക്കൾ നീക്കം ചെയ്യൽ
8. നിത്യഅശുദ്ധിയുള്ളവൻ സമയമായതിനുശേഷം മാത്രം വുദൂഅ് ചെയ്യൽ
9. വുദ്വൂഇൻെറ അവസാനംവരെ നിയ്യത്ത് നിലനിർത്തൽ.
10. വുദ്വൂഇനെ നിർബനനന്ധമാക്കുന്ന (വുദ്വൂഇനെ നഷ്ടപ്പെടുത്തുന്ന) കാര്യങ്ങൾ നിലക്കൽ

**തയ്യാറാക്കിയത്:**

അബ്ദുൽ ജബ്ബാർ അബ്ദുല്ല

**അവലംബം:**

*ശൈഖ് മുഹമ്മദ് ഇബ്നു സ്വാലിഹ് അൽ ഉഥൈമീന്റെ 'അശ്ശറഹുൽ മുംതിഅ്'*
*ശൈഖ് സാലിഹ് ഇബ്നു ഫൗസാൻ അൽ ഫൗസാന്റെ 'അൽ മുലഖ്ഖസ്വുൽ ഫിക്ഹി'*
*ശൈഖ് സഈദ് ഇബ്നു മിസ്ഫിർ അൽകഹ്ത്വാനിയുടെ 'സ്വലാതുൽ മുഅ്മിൻ'*
*ശൈഖ് ഇബ്രാഹീം ഇബ്നു മുഹമ്മദ് അദ്ദുവയ്യാന്റെ 'മനാറുസ്സബീൽ'*
*അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് അത്വയ്യാറിന്റെ 'കിതാബുസ്സ്വലാത്'*